അയ്യങ്കാളിയുടെ ജന്മദിനം ആഘോഷിച്ചു

ഡോ. ബി.ആർ. അംബേദ്കർ കൾച്ചറൽ ചാരിറ്റി ആൻഡ് എജ്യുക്കേഷണൽ സൊസൈറ്റി അയ്യങ്കാളിജന്മദിനാഘോഷത്തിന്റെ ഭാഗമായി നടത്തിയ പുഷ്പാർച്ചന

മഹാത്മാ അയ്യങ്കാളി കലാ-സാംസ്കാരികവേദിയുടെ നേതൃത്വത്തിൽ നടന്ന അയ്യങ്കാളിജന്മദിനാഘോഷം പി.ആർ.ഡി. മുൻ ഡെപ്യൂട്ടി ഡയറക്ടർ ഇ.വി. സുഗതൻ ഉദ്ഘാടനം ചെയ്യുന്നു

ഭാരതീയ പട്ടികജനസമാജത്തിന്റെ നേതൃത്വത്തിൽ നടന്ന അനുസ്മരണച്ചടങ്ങിൽനിന്ന്

പുഷ്പാർച്ചനയും അനുസ്മരണവും

കണ്ണൂർ ▸ ഡോ. ബി.ആർ. അംബേദ്കർ കൾച്ചറൽ ചാരിറ്റി ആൻഡ് എജ്യുക്കേഷണൽ സൊസൈറ്റി അയ്യങ്കാളിജന്മദിനാഘോഷം നടത്തി. കണ്ണൂർ ജവാഹർ ലൈബ്രറി ഹാളിൽ പ്രസിഡന്റ് കെ. ഗോവിന്ദൻ ഉദ്ഘാടനം ചെയ്തു.

സെക്രട്ടറി സുരേഷ് അഴീക്കൽ അധ്യക്ഷത വഹിച്ചു. രഘുരാമൻ കിഴറ മുഖ്യപ്രഭാഷണം നടത്തി. കുമാരൻ വൈദ്യർ, വിക്രമൻ അഴീക്കൽ, മണി താളിക്കാവ്, എ. ഭരതൻ തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് പുഷ്പാർച്ചനയും നടത്തി.

സാധുജന പരിപാലനസംഘം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ അയ്യങ്കാളിജയന്തി ആർട്ടിസ്റ്റ് ശശികല ഉദ്ഘാടനം ചെയ്തു. സാധുജന പരിപാലനസംഘം പ്രസിഡന്റ് ഡോ. എ. സനിൽകുമാർ അധ്യക്ഷത വഹിച്ചു.

നാറാത്ത് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് കെ. രമേശൻ അയ്യങ്കാളി അനുസ്മരണപ്രഭാഷണം നടത്തി. ആർ.പി. ഷഫീഖ്. പി. ശിവദാസ്, കെ. രാമകൃഷ്ണൻ പുഴാതി, എ. ബാബു, കെ.വി. ചന്ദ്രൻ, സിന്ധു എളയാവൂർ, കെ. പ്രേമലത കുറുമാത്തൂർ, എൻ.കെ. അഭിലാഷ് എന്നിവർ സംസാരിച്ചു.

▸ ഭാരതീയ പട്ടികജനസമാജം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ അയ്യങ്കാളിയുടെ ജന്മദിനം ആഘോഷിച്ചു. എസ്.എൻ.ഡി.പി. ഹാളിൽ ചേർന്ന പരിപാടി ജില്ലാ ബജാൻജി ടി. കണ്ണൻ ഉദ്ഘാടനം ചെയ്തു.

ജില്ലാ സെക്രട്ടറി കുഞ്ഞമ്പു കല്ല്യാശ്ശേരി അനുസ്മരണപ്രഭാഷണം നടത്തി. പ്രസന്നൻ പള്ളിപ്രം, എം.കെ. ചന്ദ്രകമൽ, വിജിൽ, ഷിബ അവേര, വി. കുഞ്ഞമ്പു, സുനിൽ, സന്ദീപ്, തിലകൻ എന്നിവർ സംസാരിച്ചു

വിലൂവണ്ടിസമരത്തിന്റെ അലയൊലി ഇന്നുമുണ്ട് -എസ്.സി. മോർച്ച

▸ മഹാത്മാ അയ്യങ്കാളി നടത്തിയ വില്ലുവണ്ടിവിപ്ലവസമരത്തിന്റെ അലയൊലികൾ ഇന്നും കേരളസമൂഹത്തിലുണ്ടെന്ന് എസ്.സി. മോർച്ച സംസ്ഥാന സെക്രട്ടറി വി.സി. ബിനിഷ് പറഞ്ഞു.

പട്ടികജാതി മോർച്ച ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച അയ്യങ്കാളി ജയന്തി സമ്മേളനം മാരാർജിഭവനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എസ്.സി. മോർച്ച ജില്ലാ പ്രസിഡന്റ് ഇ.പി. ബിജു അധ്യക്ഷത വഹിച്ചു. സുരേഷ്കുമാർ, കെ. ജിതിൻ, കെ. അനിഷ് എന്നിവർ സംസാരിച്ചു.

ദളിതർക്ക് എന്നും തുണ കോൺഗ്രസ്-മാർട്ടിൻ ജോർജ്

ഡി.സി.സിയുടെ നേതൃത്വത്തിൽ നടന്ന വില്ലുവണ്ടിയാത്ര ഡി.സി.സി. പ്രസിഡന്റ് മാർട്ടിൻ ജോർജ് ഉദ്ഘാടനം ചെയ്യുന്നു

കണ്ണൂർ ▸ ദളിതർക്ക് എന്നും തുണ കോൺഗ്രസാണെന്ന് ഡി.സി.സി. പ്രസിഡന്റ് മാർട്ടിൻ ജോർജ് പറഞ്ഞു. അയ്യങ്കാളിയുടെ ജന്മദിനത്തിന്റെ ഭാഗമായി ഡി.സി.സി. ഓഫീസിൽ ഭാരതീയ ദളിത് കോൺഗ്രസ് ജില്ലാ കമ്മിറ്റി നടത്തിയ വില്ലുവണ്ടിയാത്ര ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പുഷ്പാർച്ചനയ്ക്ക് ജില്ലാ പ്രസിഡന്റ് വിജയൻ കൂട്ടിനേഴത്ത് നേതൃത്വം നൽകി. അനുസ്മരണസമ്മേളനം, റാങ്ക് ജേതാക്കൾക്കുള്ള അവാർഡ് ദാനം, സാമ്പത്തിക സഹായവിതരണം എന്നിവയുടെ ഉദ്ഘാടനം നിർവഹിച്ചു. സംസ്ഥാനനേതാക്കളായ അജിത്ത് മാട്ടൂൽ, കാട്ടാമ്പള്ളി രാമചന്ദ്രൻ, ആത്തുമാൻ, വസന്ത് പള്ളിയാമൂല, ബിന്ദു അഴീക്കോട്, പി. ചന്ദ്രൻ, ബാബുരാജ്, ഡി.സി.സി. ഭാരവാഹികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഡി.സി.സി. ഓഫീസിൽനിന്ന് ആരംഭിച്ച വില്ലുവണ്ടിയാത്ര പ്ലാസ ജങ്ഷനിൽ സമാപിച്ചു.

മാരാർജിഭവനിൽ നടന്ന അയ്യങ്കാളിജയന്തി സമ്മേളനം എസ്.സി. മോർച്ച സംസ്ഥാന സെക്രട്ടറി വി.സി. ബിനിഷ് ഉദ്ഘാടനം ചെയ്യുന്നു

മാനവസേനാ പുരസ്കാരം നൽകി

▸ മഹാത്മാ അയ്യങ്കാളി കലാ-സാംസ്കാരികവേദിയുടെ നേതൃത്വത്തിൽ അയ്യങ്കാളിജന്മദിനാഘോഷവും പുഷ്പാർച്ചനയും നടന്നു. റെയിൻബോ ടൂറിസ്റ്റ് ഹോമിൽ നടന്ന പരിപാടി പബ്ലിക് റിലേഷൻസ് വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ഇ.വി. സുഗതൻ ഉദ്ഘാടനം ചെയ്തു. രാധാകൃഷ്ണൻ കടൂർ അധ്യക്ഷത വഹിച്ചു.

2024-ലെ മഹാത്മാ അയ്യങ്കാളി മാനവസേനാ പുരസ്കാരം അഡ്വ. കസ്തൂരിദേവന് നൽകി. ചടങ്ങിൽ നിർധനരായ 50 അമ്മമാർക്ക് വസ്ത്രങ്ങൾ വിതരണം ചെയ്തു. വി. പുരുഷോത്തമൻ, എ.പി. രവീന്ദ്രൻ കാടാച്ചിറ, പി.ടി. സുരേഷ് ബാബു, സുമിത്ര ആന്തൂർ, ഇന്ദിര പാപ്പിനിശ്ശേരി, എം. ചന്ദ്രൻ, ബക്കളം നാരായണി എന്നിവർ സംസാരിച്ചു.

ജനകീയാസൂത്രണ ഫണ്ട് വിനിയോഗം

കണ്ണൂർ കൈവിട്ടത് 35.94 കോടി രൂപ

കെ.രാജേഷ് കുമാർ
കണ്ണൂർ

▸ കണ്ണൂർ ജില്ലാപഞ്ചായത്തിന് കഴിഞ്ഞ സാമ്പത്തികവർഷം നഷ്ടപ്പെട്ടത് 35.94 കോടി രൂപ. പദ്ധതിത്തുകയുടെ 80 ശതമാനം വിനിയോഗിക്കണമെന്ന ചട്ടം പാലിക്കാനാകാതിരുന്നതിനെത്തുടർന്നാണ് ജില്ലയിലെ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട തുക വെറുതേപോയത്.

2024 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷം 60.75 ശതമാനം തുക മാത്രമാണ് പദ്ധതിപ്രവർത്തനങ്ങൾക്ക് ജില്ലാപഞ്ചായത്ത് വിനിയോഗിച്ചതെന്ന് വിവരാവകാശ നിയമപ്രകാരം ലഭ്യമായ രേഖകൾ വ്യക്തമാക്കുന്നു.

ജനറൽ ഫണ്ടിൽ 5.53 കോടി രൂപയാണ് നഷ്ടമായത്. 32,52,44,000 രൂപയിൽ 20,48,84,416 രൂപയാണ് ചെലവഴിച്ചത്. ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത റോഡുകളുടെ അറ്റകുറ്റപ്പണിക്കായുള്ള ഫണ്ടിൽ 14.70 കോടി ഉപകരപ്പെടാതെ പോയി. 27,42,48,000 രൂപയിൽ 7,26,25,116 രൂപ മാത്രമാണ് റോഡിന്റെ പേരിൽ വിനിയോഗിച്ചത്.

റോഡിതര പദ്ധതിവിഹിതത്തിൽ 15.71 കോടി രൂപയും നാടിന് ഗുണമാകാതെ പോയി. 32,27,04,000 രൂപയിൽ 10,10,71,958 രൂപ മാത്രമാണ് വിനിയോഗിച്ചത്.

ജില്ലാപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിലേക്കും സ്ഥാപനങ്ങളിലേക്കും ഉപയോഗിക്കാനുള്ള തുകയാണ് ചെലവഴിക്കാനാകാതെ പോയത്.

> **ട്രഷറിനിയന്ത്രണം ബാധിച്ചു**
> ട്രഷറിനിയന്ത്രണം പദ്ധതിപ്രവർത്തനത്തെ ബാധിച്ചു. അഞ്ചുലക്ഷത്തിന് മുകളിലുള്ള ബില്ലുകൾ ട്രഷറിയിൽ സ്വീകരിക്കാത്ത പ്രശ്നമുണ്ടായിരുന്നു. ജില്ലാപഞ്ചായത്തിന്റെ പദ്ധതികളെല്ലാം അഞ്ചുലക്ഷത്തിന് മുകളിലാണ്. കണ്ണൂർനെ മാത്രമല്ല എല്ലാ ജില്ലാപഞ്ചായത്തുകളെയും ബാധിച്ചിട്ടുണ്ട്. പദ്ധതിപ്രവർത്തനത്തിന് അനുവദിച്ച തുക ലഭിക്കാത്തതും തടസ്സങ്ങളുണ്ടാക്കി.
> **പി.പി.ദിവ്യ**
> പ്രസിഡന്റ്, ജില്ലാപഞ്ചായത്ത്

കെ.ടി.ഡി.സി. എംപ്ലോയീസ് അസോസിയേഷൻ ജില്ലാ സമ്മേളനം

മാങ്ങാട്ടുപറമ്പ് ▸ കെ.ടി.ഡി.സി. എംപ്ലോയീസ് അസോസിയേഷൻ (സി.ഐ.ടി.യു.) ജില്ലാസമ്മേളനം സമാപിച്ചു. സി.ഐ.ടി.യു. ജില്ലാ സെക്രട്ടറി കെ. അശോകൻ ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ ജില്ലാ പ്രസിഡന്റ് നിജിൽ പി. നാരായണൻ അധ്യക്ഷത വഹിച്ചു.

നിജിൽ പി. നാരായണൻ(പ്രസി), പി.നിഷാദ്(സെക്ര)

അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കല്ലറ മധു, സംസ്ഥാന സെക്രട്ടറി കെ. നവീൻ, സംസ്ഥാന വൈസ് പ്രസിഡന്റ് പി.എസ്. പ്രസാദ്, ജില്ലാ സെക്രട്ടറി കെ.കെ. ബാലകൃഷ്ണൻ എന്നിവർ സമ്മേളനത്തിൽ സംസാരിച്ചു.

ഭാരവാഹികളായി നിജിൽ പി. നാരായണൻ (പ്രസി.), ദേവദാസ് (വൈസ് പ്രസി.), പി. നിഷാദ് (സെക്ര.), കെ. ശ്രീധരൻ (ജോ. സെക്ര.), കെ. ജസ്റ്റ (ഖജാ.) എന്നിവരെ തിരഞ്ഞെടുത്തു.

വിവാഹം

കൊയിലാണ്ടി ▸ കൊല്ലം മണികൃഷ്ണയിൽ കെ.എം.രാധാകൃഷ്ണന്റെയും (റിട്ട. മാതൃഭൂമി) രമണി രാധാകൃഷ്ണന്റെയും മകൻ നവനിതും രാമന്തളി വടക്കുമ്പാട് 'സൗപർണിക'യിൽ പരേതനായ പി.പി. ശ്രീധരന്റെയും പ്രീത ശ്രീധരന്റെയും മകനും ശ്വേത ശ്രീധരനും വിവാഹിതരായി.

പാനൂർ ▸ കണ്ണംപൊള്ളി 'കൃഷ്ണജ്യോതി'യിൽ പരേതനായ വെള്ളപ്പറമ്പത്ത് വി.പി. മധുകൃഷ്ണന്റെയും പി.പി. സുമിഷയുടെയും മകൻ യദുകൃഷ്ണയും അഞ്ചരക്കണ്ടി നല്ലൂരിലെ ദിനേശന്റെയും ബിനയുടെയും മകനും ശ്വേതയും വിവാഹിതരായി.

എസ്.ടി.യു. മാർച്ച്

കണ്ണൂർ ▸ വയനാട് ദുരന്തത്തെ അട്ടഹസിച്ച് മാറ്റിവെച്ച നിർമാണത്തൊഴിലാളി യൂണിയൻ (എസ്.ടി.യു.) ക്ഷേമനിധി ഓഫീസ് മാർച്ച് വെള്ളിയാഴ്ച നടക്കും. രാവിലെ 10.30-ന് എസ്.ടി.യു. ജില്ലാ ഓഫീസ് പരിസരത്തുനിന്ന് മാർച്ച് തുടങ്ങും. ഓഡിറ്റ് പൂർത്തിക്കിച്ച കുടിശിനിന്ന് മണൽ വാരൽ പുനരാരംഭിക്കുക, അസംസ്കൃത പദാർഥങ്ങളുടെ വില നിയന്ത്രിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് പ്രതിഷേധം.

ആവശ്യമുണ്ട്

കണ്ണൂരിലെ പ്രമുഖ മൊബൈൽ ഷോറൂമിലേക്ക്

- ബില്ലിംഗ് സ്റ്റാഫ് (Female)
- റിസപ്ഷനിസ്റ്റ് (Female)
- സെയിൽസ്മാൻ (Male)

Contact: 8089112222, 0497 2971122

ഗണക കണിശസഭ ജില്ലാ സമ്മേളനം

കെ.ജി.കെ.എസ്. ജില്ലാ സമ്മേളനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു

കണ്ണൂർ ▸ സാമൂഹിക നവോത്ഥാന മുന്നേറ്റങ്ങൾക്ക് മുന്നിട്ടിറങ്ങണമെന്ന് രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. കളരിപ്പണിക്കർ ഗണക കണിശസഭ (കെ.ജി.കെ.എസ്.) ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കെ.ജി.കെ.എസ്. ജില്ലാ പ്രസിഡന്റ് സുധീഷ് നാരായണന് അധ്യക്ഷതവഹിച്ചു. കെ.ജി.കെ.എസ്. ദേശീയ ജനറൽ സെക്രട്ടറി പി.കെ. ബാലൻ മുഖ്യപ്രഭാഷണം നടത്തി. ചടങ്ങിൽ കടന്നപ്പള്ളി രാമചന്ദ്രനെയും വിവിധ മേഖലകളിൽ മികവ് പുലർത്തിയവരെയും ആദരിച്ചു. എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ മികച്ച വിജയം കൈവരിച്ച വിദ്യാർഥികളെ അനുമോദിച്ചു.

നാരായണൻ ചെങ്ങളായി, രാജേഷ് കോയ്യോട്, ദിനേശൻ കാഞ്ഞിലേരി, മണ്ഡുനാഥ് ചാല, പി.വി. ബൈജു, ശ്രീലത തെരൂർ, എം.കെ.പി. മാവിലായി, ശശിന്ദ്രൻ ചാല, സുരേഷ് ഗുരുക്കൾ, വിജയൻ ശ്രീകണ്ഠപുരം, മിനി പേരാവൂർ എന്നിവർ സംസാരിച്ചു.

തീയ്യ മഹാസഭ ആംബുലൻസ് സേവനം തുടങ്ങും

കണ്ണൂർ ▸ നിർധനർക്ക് തുച്ഛമായ തുകയിൽ ആംബുലൻസ് സേവനം നൽകുന്നതിനായി തീയ്യ മഹാസഭ ജില്ലാ കമ്മിറ്റി ആംബുലൻസ് സേവനം തുടങ്ങാൻ തിരുമാനിച്ചതായി സംസ്ഥാന പ്രസിഡന്റ് ഗണേഷ് അമരങ്ങാനം പറഞ്ഞു. യോഗത്തിൽ മെതൊത്ത്, പയ്യാമ്പലം ശ്മശാനങ്ങളുടെ വിഷയത്തിൽ സമഗ്രപരിപാടിക്ക് രൂപം നൽകി. ജില്ലയിൽ തീയ്യ മഹാസഭയുടെ പ്രവർത്തനം ശക്തമാക്കാനും തീരുമാനിച്ചു. ജില്ലാ പ്രസിഡന്റ് എം.ടി. പ്രകാശൻ അധ്യക്ഷത വഹിച്ചു.

തീയ്യ മഹാസഭ സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. ലക്ഷ്മണൻ, സംസ്ഥാന ഖജാൻജി സി.കെ. സദാനന്ദൻ, കോർപ്പറേഷൻ കൗൺസിലർ രാഗേഷ് കൂക്കിരി, ടി.കെ. രാജേന്ദ്രൻ, പി.സി. അശോക്കുമാർ, ജയപാലൻ, വി.സി. രഞ്ജിത്ത്, ജില്ലാ സെക്രട്ടറി പ്രസൂൺ, ഖജാൻജി ഷാജി എന്നിവർ സംസാരിച്ചു.

കിയാൽ വാർഷിക പൊതുയോഗം 23-ന്

ഇത്തവണയും ഓൺലൈനായി

മട്ടന്നൂർ ▸ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി(കിയാൽ) യുടെ 15-ാമത് വാർഷിക പൊതുയോഗം സെപ്റ്റംബർ 23-ന് രാവിലെ 11-ന് ചേരും. മുൻ വർഷങ്ങളിലേതുപോലെ ഓൺലൈനായാണ് ഇത്തവണയും യോഗം ചേരുന്നത്. കമ്പനിയുടെ 2023-24 വർഷത്തെ വരവുചെലവ് കണക്കുകൾ യോഗം അംഗീകരിക്കും. കിയാൽ എം.ഡി., ഡയറക്ടർമാർ എന്നിവരുടെ പുനർനിയമനവും അജൻഡയിലുണ്ട്.

കോവിഡ് കാലത്ത് കേന്ദ്ര കമ്പനികാര്യ മന്ത്രാലയം നൽകിയ ഇളവ് പ്രകാരമാണ് മുൻ വർഷങ്ങളിൽ കിയാലിന്റെ വാർഷിക പൊതുയോഗം ഓൺലൈനായി നടത്തിയിരുന്നത്. എന്നാൽ, കോവിഡ് സാഹചര്യം മാറിയിട്ടും യോഗം ഓൺലൈനായി ചേരുന്നതിൽ ഓഹരി ഉടമകളിൽ പ്രതിഷേധമുണ്ട്. യോഗത്തിൽ ഓഹരി ഉടമകം നേരിട്ടു പങ്കെടുക്കുന്നത് ഒഴിവാക്കാനാണ് ഓൺലൈനായി നടത്തുന്നതെന്നാണ് ആരോപണം.

കണ്ണൂർ വിമാനത്താവളം പ്രവർത്തനം തുടങ്ങിയശേഷം രണ്ട് പൊതുയോഗങ്ങൾ മാത്രമാണ് ഓഹരി ഉടമകളുടെ നേരിട്ടുള്ള പങ്കാളിത്തത്തോടെ നടന്നത്. യോഗം സംബന്ധിച്ച അറിയിപ്പ് പല ഓഹരി ഉടമകൾക്കും ലഭിക്കുന്നില്ലെന്നും പരാതികളുണ്ടായിരുന്നു.

എന്നാൽ, കേന്ദ്ര കമ്പനികാര്യ മന്ത്രാലയം കഴിഞ്ഞ സെപ്റ്റംബർ 25-ന് പുറത്തുവിട്ട സർക്കുലർപ്രകാരമാണ് ദൃശ്യ-ശ്രാവ്യ മാധ്യങ്ങളം വഴി യോഗം ചേരുന്നതെന്നാണ് കിയാലിന്റെ നോട്ടീസിൽ പറയുന്നത്.

യാത്രക്കാരുടെ എണ്ണത്തിൽ വർധന

മട്ടന്നൂർ ▸ കണ്ണൂർ വിമാനത്താവളത്തിൽ ജൂലായ് മാസം യാത്രക്കാരുടെ എണ്ണത്തിൽ വർധന. ജൂണിൽ ഉണ്ടായിരുന്നതിനേക്കാൾ 3427 യാത്രക്കാരാണ് കൂടിയത്. 86,160 അന്താരാഷ്ട്ര യാത്രക്കാരും 28,226 ആഭ്യന്തര യാത്രക്കാരുമാണ് ജൂലായിൽ കണ്ണൂർ വിമാനത്താവളം വഴി യാത്രചെയ്തത്. ജൂണിൽ 83,371 അന്താരാഷ്ട്ര യാത്രക്കാരും 27,988 ആഭ്യന്തര യാത്രക്കാരും ഉണ്ടായിരുന്നു.

2789 അന്താരാഷ്ട്ര യാത്രക്കാരുടെയും 638 ആഭ്യന്തര യാത്രക്കാരുടെയും വർധനയാണ് ഉണ്ടായത്. 596 അന്താരാഷ്ട്ര സർവീസുകളും 371 ആഭ്യന്തര സർവീസുകളുമാണ് ജൂലായിൽ കണ്ണൂർ വിമാനത്താവളത്തിൽ നടന്നിരുന്നത്. കഴിഞ്ഞ വർഷം ജൂലായിൽ 93,555 യാത്രക്കാരാണ് ആകെ കണ്ണൂർ വിമാനത്താവളത്തിൽ ഉണ്ടായിരുന്നത്. ഈ വർഷം അത് 1,14,786 ആയി ഉയർന്നു.

കെ.ജി.കെ.എസ്. ജില്ലാ സമ്മേളനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു

തീയ്യ മഹാസഭ ആംബുലൻസ് സേവനം തുടങ്ങും

കണ്ണൂർ ▸ നിർധനർക്ക് തുച്ഛമായ തുകയിൽ ആംബുലൻസ് സേവനം നൽകുന്നതിനായി തീയ്യ മഹാസഭ ജില്ലാ കമ്മിറ്റി ആംബുലൻസ് സേവനം തുടങ്ങാൻ തീരുമാനിച്ചതായി സംസ്ഥാന പ്രസിഡന്റ് ഗണേഷ് അമരങ്ങാനം പറഞ്ഞു. യോഗത്തിൽ മെതൊത്ത്, പയ്യാമ്പലം ശ്മശാനങ്ങളുടെ വിഷയത്തിൽ സമഗ്രപരിപാടിക്ക് രൂപം നൽകി. ജില്ലയിൽ തീയ്യ മഹാസഭയുടെ പ്രവർത്തനം ശക്തമാക്കാനും തീരുമാനിച്ചു. ജില്ലാ പ്രസിഡന്റ് എം.ടി. പ്രകാശൻ അധ്യക്ഷത വഹിച്ചു.

തീയ്യ മഹാസഭ സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. ലക്ഷ്മണൻ, സംസ്ഥാന ഖജാൻജി സി.കെ. സദാനന്ദൻ, കോർപ്പറേഷൻ കൗൺസിലർ രാഗേഷ് കൂക്കിരി, ടി.കെ. രാജേന്ദ്രൻ, പി.സി. അശോക്കുമാർ, ജയപാലൻ, വി.സി. രഞ്ജിത്ത്, ജില്ലാ സെക്രട്ടറി പ്രസൂൺ, ഖജാൻജി ഷാജി എന്നിവർ സംസാരിച്ചു.

മദ്രസ മാനേജ്മെന്റ് അസോസിയേഷൻ ജില്ലാ നേതൃസംഗമം



സമസ്ത കേരള മദ്രസ മാനേജ്മെന്റ് അസോസിയേഷൻ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച ബി സ്മാർട്ട് ജില്ലാ നേതൃസംഗമം സംസ്ഥാന ഉപധ്യക്ഷൻ കെ.പി.പി. തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

കണ്ണൂർ ▸ മദ്രസപഠനത്തിന് പ്രോത്സാഹനം നൽകുന്ന പദ്ധതികളുമായി മുന്നോട്ടുപോകണമെന്ന് സമസ്ത കേരള മദ്രസ മാനേജ്മെന്റ് അസോസിയേഷൻ ഉപാധ്യക്ഷൻ കെ.പി.പി. തങ്ങൾ പറഞ്ഞു. സമസ്ത കേരള മദ്രസ മാനേജ്മെന്റ് അസോസിയേഷൻ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാന കമ്മിറ്റിയുടെ പദ്ധതിയായ ബി സ്മാർട്ട് 25 ജില്ലാ നേതൃസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ആറുക്കോയ തങ്ങൾ പ്രാർഥന നടത്തി. ജില്ലാ ഖജാൻജി അഷറഫ് ബംഗാളി മുഖ്യ അധ്യക്ഷനായി. സംസ്ഥാന സെക്രട്ടറി മജീദ് കുക്കിൾ, കുട്ടി എടക്കളം വിദ്യഷയാവതരണം നടത്തി. ഇംഗ്ലീഷിൽ മുഅല്ലിമിൻ ജില്ലാ സാരധികൾക്കുള്ള ഉപഹാരസമർപ്പണവും തങ്ങാം നിർവഹിച്ചു.

മുഹമ്മദ് ബിൻ അദം, കെ.പി. അബൂബക്കർ ഹാജി, മഹ്മൂദ് ഹാജി മാതമംഗലം, റസാഖ് തോട്ടിക്കൽ, വി.കെ. മുഹമ്മദ് ഹാജി കൂത്തുപറമ്പ്, ഹുസൈൻ ഹാജി മാടായി, പി.ടി. മുഹമ്മദ് ശ്രീകണ്ഠപുരം, അബ്ദുൽ ഖാദർ മുണ്ടേരി, അഷ്റഫ് ഹാജി ചിറ്റാരിപ്പറമ്പ് തുടങ്ങിയവർ സംസാരിച്ചു.

സംഘാടകസമിതി

മയ്യിൽ ▸ തളിപ്പറമ്പ് സൗത്ത് ഉപജില്ലാ കലോത്സവം സംഘാടകസമിതി രൂപവത്കരണം സെപ്റ്റംബർ രണ്ടിന് കമ്പിൽ മാപ്പില ഹയർസെക്കൻഡറി സ്കൂളിൽ ഉച്ചയ്ക്ക് രണ്ടിന് നടത്തും. ഒക്ടോബർ എട്ട് മുതൽ 11 വരെയാണ് സ്കൂൾ കലോത്സവം.



മലപ്പുറത്ത് നടന്ന 23 വയസിന് താഴെയുള്ള ആൺകുട്ടികളുടെ ഉത്തര മേഖലാ അന്താർജില്ലാ ഏകദിന ക്രിക്കറ്റ് ടൂർണമെന്റിൽ മാന്യന്മാരായ കണ്ണൂർ ജില്ലാ ടീം

SOUTH INDIAN Bank

റീജണൽ ഓഫീസ് കണ്ണൂർ
എസ്.ഐ.ബി. ഹൗസ്, ചാലാട് - അലവിൽ റോഡ്, കണ്ണൂർ
പിൻ: 670 014, കേരള. ഫോൺ: +91 497 2702232/34/35
email: rn0105@sib.co.in, CIN No.L65191KL1929PLC001017
ഭദ്രി. ഓഫീസ്: എസ്.ഐ.ബി ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള. ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ-ലേല വിൽപന നോട്ടീസ് [റൂൾ-8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്റ്റേഴ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്റസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു ഇ-ലേല വിൽപ്പന നോട്ടീസ്.

വായ്പക്കാരായ **1 M/s. ഐഷ ഗാർമെന്റ്** (പാർട്നർമാർ പ്രതിനിധീകരിക്കുന്ന പാർട്നർഷിപ്പ് സ്ഥാപനം) 35 2995, ഗ്രാൻഡ് മാർക്കറ്റിംഗ് സെന്റർ, ഫോർട്ട് റോഡ്, കണ്ണൂർ, കേരള – 670001. **2. M/s. ഹാത്തിമ ഹൈപ്പർമാർക്കറ്റ്** (പാർട്നർമാർ പ്രതിനിധീകരിക്കുന്ന പാർട്നർഷിപ്പ് സ്ഥാപനം), പി.പി.സർവ്വേ XVII 189 ബി 470ബി, ബിശ്നോൾ, പാലി റോഡ്, പാപ്പിനിശ്ശേരി, കണ്ണൂർ, കേരളം – 670565. **3. ശ്രീ. മുഹമ്മദ് അഹമ്മദ് അഷ്റഫ്** (M/s. ആയിഷ ഗാർമെന്റ് & M/s. ഹാത്തിമ ഹൈപ്പർമാർക്കറ്റ് എന്നിവയുടെ പാർട്നർ) ഹാത്തിമാസ്, കെ കണ്ണാപുരം, പി ഒ ചെറുകുന്ന്, ചെറുകുന്ന്, കണ്ണൂർ, കേരളം– 670301. **4. ശ്രീമതി ഹാത്തിമ മുഹമ്മദ് അഷ്റഫ്** (M/s. ആയിഷ ഗാർമെന്റ് & M/s. ഹാത്തിമ ഹൈപ്പർമാർക്കറ്റ് എന്നിവയുടെ പാർട്നർ) ഹാത്തിമാസ്, കെ കണ്ണാപുരം, പി ഒ ചെറുകുന്ന്, ചെറുകുന്ന്, കണ്ണൂർ, കേരളം– 670301. **5. ശ്രീമതി ബുഷ്റ ഇ കെ പി,** (M/s. ആയിഷ ഗാർമെന്റ് & M/s. ഹാത്തിമ ഹൈപ്പർമാർക്കറ്റ് എന്നിവയുടെ പാർട്നർ) ഹാത്തിമാസ്, കെ കണ്ണാപുരം, പി ഒ ചെറുകുന്ന്, ചെറുകുന്ന്, കണ്ണൂർ, കേരളം– 670301. **6. ശ്രീമതി ഫിദ മുഹമ്മദ് അഷ്റഫ്** (M/s. ആയിഷ ഗാർമെന്റ് & M/s. ഹാത്തിമ ഹൈപ്പർമാർക്കറ്റ് എന്നിവയുടെ പാർട്നർ) ഹാത്തിമാസ്, കെ കണ്ണാപുരം, പി ഒ ചെറുകുന്ന്, ചെറുകുന്ന്, കണ്ണൂർ, കേരളം– 670301. ജാമ്യക്കാർ/നിയമപരമായ അവകാശികളായ **7. ശ്രീമതി ബദീന പി കെ,** W/o പരേതനായ സി അബ്ദുൾ മജീദ്, പി കെ ഹൗസ്, കല്ല്യാശ്ശേരി, കണ്ണാപുരം, ചെറുകുന്ന് പി ഒ, കണ്ണൂർ, കേരളം – 670301, കൂടാതെ ഹസീനാസ്, ആനയിടുക്ക് ഗേറ്റ്, താനാ പി ഒ, കണ്ണൂക്കര, കണ